(ജി) 3.5 മീറ്റർ വീതിയുള്ള കലുങ്കാണ് നിർമ്മിച്ചിരിക്കുന്നത്. ഇത് ഗതാഗത വികസനത്തിന് തടസ്സമാകില്ല. 23-4-2015-ലെ കത്ത് റിപ്പോർട്ടിനും അനന്തര നടപടികൾക്കുമായി അന്നേദിവസം തന്നെ സൂപ്രണ്ടിംഗ് എഞ്ചിനീയർ കട്ടനാട് ഡെവലപ്പ്മെന്റ് സർക്കിൾ ചെങ്ങന്നൂരിന് ഫാക്സ് മുഖാന്തിരം നൽകുകയും 5-5-2015-ലെ ചീഫ് എഞ്ചിനീയറുടെ ഡബ്ല്യൂ/ആർ/16327/15 മേലെഴുത്ത് പ്രകാരം തപാലിൽ അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

മുരിക്കുംപാടം, ഞാറയ്ക്കൽ ശുദ്ധജല സംഭരണ ടാങ്കുകളുടെ നിർമ്മാണം

211 (876) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് നിർമ്മാണ അനുമതി നൽകിയിട്ടുള്ള മുരിക്കുംപാടം, ഞാറയ്ക്കൽ ശുദ്ധജല സംഭരണ ടാങ്കുകളുടെ നിർമ്മാണം 31-3-2015-ൽ പൂർത്തീകരിക്കാത്ത പക്ഷം ലിക്വിഡേറ്റ് ഡാമേജ് പ്രകാരമുള്ള പിഴ ഈടാക്കുമെന്ന് ചീഫ് എഞ്ചിനീയർ പ്രസ്തുത കരാറുകാരനെ അറിയിച്ചിട്ടുണ്ടോ ;

(ബി) നിലവിൽ നിർമ്മാണം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(സി) ലിക്വിഡേറ്റ് ഡാമേജസ് പ്രകാരമുള്ള പിഴ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) കരാർ പ്രകാരം 2012-ൽ പൂർത്തീകരിക്കേണ്ട മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അധികച്ചെലവ് പ്രതീക്ഷിക്കുന്നുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത കരാറുകാരനെതിരെ നിയമ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദീകരിക്കാമോ ?

ഉത്തരം

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് മുരിക്കുംപാടത്ത് നിർമ്മിച്ചുവരുന്ന ടാങ്കിന്റെ നിർമ്മാണ കാലാവധി 31-12-2015 വരെയും ഞാറയ്ക്കലിൽ നിർമ്മിക്കുന്ന ടാങ്കിന്റെ കാലാവധി 30-9-2015 വരെയും ലിക്വിഡേറ്റ് ഡാമേജ് ചുമത്തിക്കൊണ്ട് നീട്ടി നൽകുവാൻ കേരള വാട്ടർ അതോറിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഉത്തരവുകൾ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ടാങ്കുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കണം എന്നാവശ്യപ്പെട്ട് കരാറുകാരന് പല പ്രാവശ്യം വാട്ടർ അതോറിറ്റി കത്തുകൾ നൽകിയിട്ടുണ്ട്.

(സി) ലിക്വിഡേറ്റ് ഡാമേജസ് പ്രകാരമുള്ള പിഴയുടെ തുക നിർണ്ണയിക്കുന്ന നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ഡി) കരാർ പ്രകാരം അധിക ചെലവ് നൽകാൻ വ്യവസ്ഥയില്ല

(ഇ) കരാറുപ്രകാരം ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ പൂർത്തിയാക്കുവാൻ കരാറുകാരൻ സന്നദ്ധത കാണിച്ചിട്ടുള്ളതിനാൽ നിയമനടപടികൾ സ്വീകരിച്ചിട്ടില്ല

ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ്

212 (877) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ റ്റി. എസ്. ആവുന്നതിലേക്ക് പ്രവൃത്തിയുടെ ഇലക്ട്രിക്കൽ മെക്കാനിക്കൽ എസ്റ്റിമേറ്റുകൾ തയ്യാറാവുന്നതിൽ വരുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മെക്കാനിക്കൽ-ഇലക്ട്രിക്കൽ വർക്കുകളുടെ എസ്റ്റിമേറ്റുകൾ നിലവിൽ DSR റേറ്റിൽ ആണോ റിവൈസ് ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് DSR നിരക്കിൽ റിവൈസ് ചെയ്താൽ മാത്രമേ ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിക്ക് റ്റി. എസ്. ആവുകയുള്ളൂ എന്ന നിലയിൽ ജലവിഭവ വകുപ്പിൽ നിർദ്ദേശമോ തീരുമാനമോ ഉണ്ടോ ; വിശദമാക്കാമോ ; പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ചിറ്റാരിക്കടവ് പദ്ധതിക്ക് റ്റി. എസ്. നൽകുന്നതിനും ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനും നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാം എന്ന് വിശദമായി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾ ഡി.എസ്.ആർ 2013-ലും ഇലക്ട്രിക്കൽ പ്രവൃത്തികൾ 2012 എസ്.ഒ.ആർ.-ലും ഉൾപ്പെട്ട എസ്റ്റിമേറ്റാണ് ചീഫ്

LIBRARY ARCHIVES Kerala Legislative Assembly